MMB Newsletter
Vol. 4, Issue 1 March - April 2024



# മേജർ ആർച്ച് ബിഷപ്പിന് പ്രാർത്ഥനാശംസകളുമായി MMB സമൂഹം



**കാക്കനാട് :** സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിലിന് പ്രാർത്ഥനാമംഗളങ്ങളുമായി എം. എം. ബി. സമൂഹം. അദ്ദേഹത്തിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സുപ്പീരിയർ ജനറൽ അദ്ദേഹത്തിന് അഭിനന്ദനങ്ങളും പ്രാർത്ഥനകളും അറിയിക്കുകയുണ്ടായി. തുടർന്ന് സുപ്പീരിയർ ജനറലിന്റെ നേതൃത്വത്തിൽ ജനറൽ കൗൺസിൽ അംഗങ്ങൾ എല്ലാവരും മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച് ബിഷപ്പിന്റെ ഓഫീസിൽ അദ്ദേഹത്തെ സന്ദർശിച്ച് പ്രാർത്ഥനാവാഗ്ദാനങ്ങളും



വിജയാശംസകൾ നേരുകയും ചെയ്തു. സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്തും അദ്ദേഹത്തെ സന്ദർശിച്ച് മംഗളങ്ങൾ അർപ്പിക്കുകയുണ്ടായി. സുപ്പീരിയർ ജനറലും ജനറൽ കൗൺസിലേഴ്സും സ്ഥാനമൊഴിഞ്ഞ മേജർ ആർച്ച്ബിഷപ്പ് കാർഡിനൽ മാർ ജോർജ്ജ് ആലഞ്ചേരിയെ സന്ദർശിച്ച് സമൂഹത്തിന് നൽകിയ സഹകരണത്തിനും സഹായങ്ങൾക്കും കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

# അവാർഡ് നൽകി ആദരിച്ചു




**ഇരിങ്ങാലക്കുട :** ഇരിങ്ങാലക്കുട ഡോൺ ബോസ്ക്കോ സ്ക്കൂളിന്റെ ഡയമണ്ട് ജൂബിലിയുടെ ഭാഗമായി ഏർപ്പെടുത്തിയ ജീവകാരുണ്യ രംഗത്തെ മികച്ച ത്യാഗോജ്ജ്വല പ്രവർത്തകനുള്ള അവാർഡിന് മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹാംഗമായ ബ്രദർ ഗിൽബർട്ട് ഇടശ്ശേരി അർഹനായി. വയോജന സംരക്ഷണ സേവന പ്രവർത്തനങ്ങളിലുള്ള പതിറ്റാണ്ടുകളുടെ സ്തുത്യർഹമായ സേവനം കണക്കിലെടുത്താണ് ബ്രദർ ഗിൽബർട്ട് ഇടശ്ശേരിയെ അവാർഡിനായി തെരഞ്ഞെടുത്തത്. ഡോൺ ബോസ്കോ സ്കൂളിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ''ഡോൺ ബോസ്ക്കോ സ്നേഹസംഗമ''ത്തിൽ വച്ച് പാലക്കാട് ജില്ല ജഡ്ജി ശ്രീമാൻ ജോമോൻ ജോൺ ബ്രദർ ഗിൽബർട്ടിന് അവാർഡ് സമ്മാനിച്ചു. കഴിഞ്ഞ ഒമ്പത് വർഷമായി ഇരിങ്ങാലക്കുട മുനിസിപ്പൽ റോഡിലുള്ള വയോജന സംരക്ഷണകേന്ദ്രമായ 'ദൈവപരിപാലനഭവന'ത്തിൽ മാനേജരായി പ്രവർത്തിച്ചുവരികയാണ് ബ്രദർ ഗിൽബർട്ട് ഇടശ്ശേരി. ഇരിങ്ങാലക്കുട ഡോൺ ബോസ്കോ റെക്ടർ റവ. ഫാ. ഇമ്മാനുവേൽ എസ്. ഡി. ബി., റവ. സി. എന്നിവരെ കൂടാതെ നിരവധി വൈദികരും സന്യസ്തരും പൗരപ്രമുഖരും പൂർവ്വ വിദ്യാർത്ഥികളും അവാർഡ്ദാനചടങ്ങിൽ സംബന്ധിച്ചു.

VOICE OF THE FOUNDER

**"The life of the religious is basically for the service of God and His people".**

Msgr. Zacharias Vazhappilly



# ഭവനം നിർമ്മിച്ച് നൽകി



**പഴയന്നൂർ :** മലബാർ മിഷനറി ബ്രദേഴ്സിന്റെ പ്ലാറ്റിനം ജൂബിലി സ്മാരകമായി നിർമ്മിച്ച് നൽകുന്ന രണ്ടാമത്തെ വീടിന്റെ താക്കൽദാനം സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ നിർവ്വഹിച്ചു. പഴയന്നൂരിലെ നിരവധി വർഷമായി രണ്ട് വൃക്കകളും തകരാറിലായിരിക്കുന്ന അളിത്തോട്ടിൽ രാജേഷിനാണ് സുപ്പീരിയർ ജനറൽ ഭവനം കൈമാറിയത്. അദ്ദേഹത്തിന്റെ ഭാര്യ ദീപയാകട്ടെ വർഷങ്ങളായി ആസ്മ രോഗിയാണ്. വർഷങ്ങളായി സ്വന്തം ഭവനമെന്ന അവരുടെ ആഗ്രഹമാണ് ജൂബിലി സ്മാരകമായി എം. എം. ബി. സമൂഹം സഫലമാക്കിയത്.

# വീഡിയോ കോൺഫ്രൻസ് സംവിധാനം



**മരിയാപുരം :** മരിയാപുരം മിഷൻഹോമിനോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന സെന്റ് മാർട്ടിൻ നോവിഷ്യേറ്റ് ഭവനത്തിൽ നോവിസസിനായി ഓൺലൈൻ ക്ലാസ്സുകൾക്കായുള്ള വീഡിയോ കോൺഫ്രൻസിങ്ങ് സംവിധാനത്തിന്റെ സ്വിച്ച് ഓൺ കർമ്മം മലബാർ മിഷനറി ബ്രദേഴ്സിന്റെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ നിർവ്വഹിച്ചു. സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് സന്നിഹിതനായിരുന്നു. അസ്സീസി പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ സോജൻ പൈകട ഭോപ്പാലിൽനിന്ന് വീഡിയോ കോൺഫ്രൻസിലൂടെ പരിപാടിയിൽ സംബന്ധിച്ചു. നോവിസസിന് ആർക്കും എവിടെനിന്നും ക്ലാസ്സുകൾ നല്കാനും, വിദ്യാർത്ഥികൾക്ക് അവരോട് ചോദ്യങ്ങൾ ചോദിക്കാനും കഴിയുന്ന രീതിയിലുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അടുത്ത ദിവസം തന്നെ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു.

# സുവർണ്ണജൂബിലി

**കുറ്റിക്കാട് :** വ്രതാർപ്പണത്തിന്റെ സുവർണ്ണജൂബിലിയാഘോഷിക്കുന്ന ബ്രദർ തോമസ് ക്ലമന്റ് ഞാറക്കാട്ടിലിന്റെ ജൂബിലി അദ്ദേഹം അംഗമായിരിക്കുന്ന കുറ്റിക്കാട്ടെ 'കരുണാലയ'ത്തിൽ വച്ച് ആഘോഷിക്കുകയുണ്ടായി. ജൂബിലി ആഘോഷത്തിന്റെ മുഖ്യഭാഗമായ കൃതജ്ഞതാബലിക്ക് ഇരിങ്ങാലക്കുട രൂപതാ വികാരി ജനറൽ മോൺ. വിത്സൻ ഈരാത്തറ മുഖ്യകാർമ്മികത്വം വഹിച്ചു. നിരവധി വൈദികർ സഹകാർമ്മികരായി. തുടർന്ന് നടന്ന അനുമോദന സമ്മേളനം ചാലക്കുടി എം. എൽ. എ. ശ്രീ. സനീഷ്കുമാർ ജോസഫ് ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ **ജോസ് ചുങ്കരത്ത് അദ്ധ്യ**ക്ഷത വഹിച്ചു. 'ഫേയ്സ് ഓഫ് ഫെയ്സലസ്'സിനിമയുടെ സംവിധായകൻ ഡോ. ഷൈസൺ പി. ഔസേപ്പ് മുഖ്യാതിഥിയായിരുന്നു. ശ്രീ. ടോം ഇമ്മട്ടി മുഖ്യപ്രഭാഷണം നടത്തി. കുറ്റിക്കാട് ഫൊറോന പള്ളി വികാരി റവ. ഫാ. ലിജോ പോൾ പറമ്പത്ത് ജൂബിലേറിയൻമാരെ ആദരിച്ചു. കരുണാലയം ഫ്രട്ടേണിറ്റി പ്രസിഡണ്ട് ശ്രീ. ആന്റണി കൃതജ്ഞതയർപ്പിച്ചു. കുണ്ടുകുഴിപ്പാടം ഗ്രാമീണ കലാസമിതി അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ജൂബിലിയാഘോഷത്തിന് മാറ്റുകൂട്ടി.

# സ്മാർട്ട് ക്ലാസ്റൂം




**പരുത്തിക്കാട് :** പരുത്തിക്കാട്ടെ പാദുവ റിഹാബിലിറ്റേഷൻ സെന്ററിൽ സജ്ജീകരിച്ച പുതിയ സ്മാർട്ട് ക്ലാസ് റൂമുകളുടെ ആശീർവാദവും ഉദ്ഘാടനവും പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ നിർവ്വഹിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനം അഭിവന്ദ്യപിതാവ് തന്നെ ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികളുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ മലബാർ



മിഷനറി ബ്രദേഴ്സ് കാണിക്കുന്ന പരിഗണനയ്ക്കും താല്പര്യത്തിനും പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അഭിനന്ദിച്ചു. തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പാലക്കാട് രൂപതയും പിതാക്കന്മാരും ബ്രദേഴ്സിന്റെ ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾക്ക് നല്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് നന്ദി പറഞ്ഞു. തത്തമംഗലം ഫൊറോന വികാരി ഫാ. ബെറ്റ്സൺ തൂക്കുപറമ്പിൽ, എഫ്. സി. സി. പാലക്കാട് സെറാഫിക് പ്രോവിൻസ് വികാർ പ്രോവിൻഷ്യൽ സി. ലിറ്റിൽ ഫ്ളവർ, പരുത്തിക്കാട് സെന്റ് ആന്റണീസ് പള്ളി വികാരി ഫാ. ജിൻസ് കാക്കാനിയിൽ എന്നിവർ ആശംസകൾ നേർന്നു. മലബാർ മിഷനറി ബ്രദേഴ്സിന്റെ വികാരി ജനറൽ ബ്രദർ എഡ്വിൻ കുറ്റിക്കൽ ഉപഹാരങ്ങൾ വിതരണം ചെയ്തു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചീഫ് ജനറൽ മാനേജർ ആന്റോ ജോർജ്ജിനെ ചടങ്ങിൽ ആദരിച്ചു. പാദുവ റിഹാബിലിറ്റേഷൻ സെന്റർ മാനേജർ ബ്രദർ പീറ്റർദാസ് കുഴിപ്പിള്ളി സ്വാഗതവും സുപ്പീരിയർ ബ്രദർ ജോസഫ് മാമ്പിള്ളി നന്ദിയും പറഞ്ഞു.




# ഡിറക്ടറി പ്രകാശനം



**മരിയാപുരം :** മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ പുതിയ ഡിറക്ടറി ക്രിസ്തിമസ് ദിനത്തിൽ പ്രകാശനം ചെയ്തു. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്തിന് ആദ്യപ്രതി നൽകിക്കൊണ്ടാണ് പ്രകാശനം നിർവ്വഹിച്ചത്. എല്ലാ അംഗങ്ങളേയും ഭവനങ്ങളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച സമഗ്രവിവരണങ്ങൾ അടങ്ങുന്നതാണ് പുതിയ ഡിറക്ടറി. ജനറൽ കൗൺസിലേഴ്സും മറ്റ് അനേകം സഹോദരന്മാരും ചടങ്ങിൽ പങ്കെടുത്തു.

# സിൽവർ ജൂബിലി




**മണിമൂളി :** വ്രതാർപ്പണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ബ്രദർ സെബാസ്റ്റ്യൻ കല്ലുകീർത്തൊട്ടിയിലിന്റെ ജൂബിലി അദ്ദേഹത്തിന്റെ ഇടവകയായ മണിമൂളി ക്രിസ്തുരാജാ ദേവാലയത്തിൽ ആഘോഷിക്കുകയുണ്ടായി. കൃത



ജ്ഞതാബലിക്ക് മാനന്തവാടി രൂപതാ വികാരി ജനറലും മണിമൂളി ഇടവക വികാരിയുമായ മോൺ. തോമസ് മണക്കുന്നേൽ നേതൃത്വം വഹിച്ചു. സഹവികാരി ഫാ. അരുൺ പൊയ്കയിൽ, ഫാ. പ്രിൻസ് തെക്കേതിൽ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. മറ്റ് അനേകം വൈദികർ കൃതജ്ഞതാബലിയിൽ സംബന്ധിക്കാൻ എത്തിയിരുന്നു. തന്റെ വാർദ്ധക്യസഹജമായ അവശതകൾ പരിഗണിക്കാതെ വത്സലപുത്രന്റെ ജൂബിലിയാഘോഷത്തിൽ സംബന്ധിക്കാൻ അദ്ദേഹത്തിന്റെ വത്സലപിതാവ് കല്ലുകീർതൊട്ടിയിൽ ജോസഫ് ദേവാലയത്തിൽ സന്നിഹിതനായിരുന്നു. ബ്രദർ സെബാസ്റ്റ്യന്റെ സഹോദരീസഹോദരും അവരുടെ കുടുംബാംഗങ്ങളും കൃതജ്ഞതാബലിയിൽ പങ്കുചേർന്നു.

ദിവ്യബലിക്ക് ശേഷം നടന്ന പൊതുസമ്മേളനം മലബാർ മിഷനറി ബ്രദേഴ്സിന്റെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ ഉദ്ഘാടനം ചെയ്തു. മോൺ. തോമസ് മണക്കുന്നേൽ, സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത്, ബ്രദർ സെബാസ്റ്റ്യന്റെ സഹോദരി മേരിക്കുട്ടി ജോസഫ്, പത്താം ക്ലാസ്സിൽ അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന ശിവൻകുട്ടി എന്നിവർ ആശംസകൾ നേർന്നു. എം. എം. ബി. ബ്രദേഴ്സിനെ കൂടാതെ അനേകം വൈദികരും സന്യസ്തരും ഇടവകാംഗങ്ങളും പരിപാടികളിൽ സംബന്ധിക്കുകയുണ്ടായി. ജാതിമതഭേദമന്യേ പത്താം ക്ലാസ്സിൽ അദ്ദേഹത്തിന്റെ സഹപാഠികളായിരുന്ന എല്ലാവരും ജൂബിലിയാഘോഷത്തിൽ പങ്കെടുക്കുകയും അതിന്റെ വിജയത്തിനായി പരിശ്രമിക്കുകയും അവരുടെ പൊതുവായ ഉപഹാരം സഹപാഠിക്ക് കൈമാറുകയും ചെയ്തുവെന്നത് വലിയ പ്രത്യേകതയായിരുന്നു.

## Remembrance

### March

8 Philip Thadathil — D
19 Sabu Thenniplackal. — F

### April

3 Richard Thalakkottukara — F
5 Christopher Meleppuram — D
8 Augustine Manjaly — D
16 Dominic Puthanangady — D
23 Geo Palakuzhiyil — F
George Palakkatt — F
Bins Mundankavil — F
24 Fidelis Kaprayil — F
26 Cletus Chittilappilly — F

**F** - Feast Day　**B** - Birthday　**D** - Death Anniver-

Published by the Department of Public Relations, **MMB Generalate, Marathakkara**
Thrissur – 680 306 Kerala - India. Phone: 0487 2355203. email: mmbgeneralate@gmail.com
Chief Editor: **Bro. Paulose Arumbuparambil** | Sub-Editors: **Bro. Francis Pynadath** | **Bro. Fidelis Kaprayil**

*Design and layout*: **Union Press**,
Mariapuram, Thrissur, Kerala, India
mmboffset1@gmail.com | 9605 015 095